ശ്രീ. എം. കെ. കൃഷ്ണൻ : കഴിയുന്നത്ര വേഗം ആകാം.

ശ്രീ. ടി. എ. മജീദ് : കേസുകൾ പിൻവലിക്കണമെന്നുള്ള അഭ്യർത്ഥന വിദ്യാർത്ഥികളിൽനിന്നും ലഭിച്ചിട്ട് എത്രകാലമായിയെന്നു പറയാമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : 1–7–69 ലാണു ലഭിച്ചിട്ടുള്ളത്.

ടി. ടി. സി. കോഴ്സ്

* 178. [632] ശ്രീ. വി. വി. കുഞ്ഞാമു
,, എം കെ. കേളു
,, സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. ടി. സി. കോഴ്സിന്റെ സീറ്റു കുറയ്ക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്നു വിശദീകരിക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഉണ്ടു.

(ബി) സംസ്ഥാനത്തു ടി.ടി.സി. പാസായ ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടു. പാസായതിൽ തൊഴിലില്ലാത്ത ആളുകൾ ഏഴായിരത്തിയഞ്ഞൂറോളം ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ടു. ടി.ടി.സി. പാസായവരെ പ്രൈമറി സ്കൂളിലെ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കു ക്രമീകരിക്കുന്നതിനു ഓരോ യൂണിറ്റിലേയും എണ്ണം മുപ്പതിൽനിന്നു ഇരുപതാക്കി കുറയ്ക്കുകയും ബാക്കിയുള്ളതിന്റെ അംഗീകാരം പിൻവലിക്കുകയും ചെയ്തിട്ടുണ്ടു.

ശ്രീ. വി. വി. കുഞ്ഞാമു : ടി. ടി. സി. കോഴ്സിനു സീറ്റു കിട്ടണമെങ്കിൽ ഹിന്ദിക്കു മുപ്പത്തിയഞ്ചു മാർക്കും, ഇംഗ്ലീഷിനു നാല്പതും, നാല്പതിൽ കൂടുതലും മാർക്കും വേണമെന്നു തിട്ടപ്പെടുത്തിയിട്ടുണ്ടു. ഇംഗ്ലീഷിനു ഇത്രയധികം പ്രാധാന്യം കൊടുക്കുന്നതു എന്തിനാണു ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇപ്പോൾ അങ്ങനെ നിർബന്ധിക്കുന്നുണ്ടു. കാരണം ഇംഗ്ലീഷ് ചെറിയ ക്ലാസ്സുമുതലേ പഠിപ്പിക്കുന്നുണ്ടു. അതു മാറിയാൽ മാർക്കിനെ സംബന്ധിച്ചുള്ള നിബന്ധനയും മാറും.

ശ്രീ. എം. കെ. കേളു : ടി. ടി. സി. സ്കൂളുള്ള സീറ്റുകൾ കുറച്ചതിന്റെ ഫലമായി ഇന്നു പ്രൈവറ്റു സ്കൂളുകളിൽ മുമ്പു കൊടുത്തുകൊണ്ടിരുന്നതിനെക്കാൾ കൂടുതൽ സംഖ്യ പ്രതിഫലമായി കൊടുക്കേണ്ടിവരുന്നുവെന്നറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : അക്കാര്യം ഗവണ്മെന്റു ഔദ്യോഗികമായി അറിഞ്ഞിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ഈ വർഷത്തേക്കുള്ള ടി. ടി. സി. സെലക്ഷൻ പൂർത്തിയായി കഴിഞ്ഞുവോ, ഇല്ലെങ്കിൽ കാരണമെന്താണു ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഇക്കൊല്ലത്തേക്കുള്ള സെലക്ഷൻ പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല. അതിനെ സംബന്ധിച്ചുള്ള ഡീറ്റെയിൽസ് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു) : ടി. ടി. സി. കോഴ്സു പാസായ ഏഴായിരത്തിയഞ്ഞൂറു പേർക്കു ഉദ്യോഗം ലഭിക്കാതെയുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇവർക്കു എത്ര കൊല്ലത്തിനകം ഉദ്യോഗം കൊടുക്കാൻ സാധിക്കുമെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : അങ്ങനെ കൃത്യമായി പറയാൻ ഒരു ജോൽസ്യനുപോലും വയ്യ.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : ടി. ടി. സി. കോഴ്സിലേക്കുള്ള അഡ്മിഷന്റെ സംഖ്യ കുറച്ചതിന്റെ ഫലമായി അതിനുള്ള ടെയിനിംഗ് സ്കൂളിലെ അദ്ധ്യാപകന്മാക്ക് ജോലി നഷ്ടപ്പെടാൻ ഇടയുണ്ടെന്നറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ജോലി നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. ഇതു മറ്റൊരു പ്രശ്നമായതുകൊണ്ട് വേറെ നിലയിൽ പരിശോധിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : ടി. ടി. സി. കോഴ്സിന്റെ അഡ്മിഷൻ കുറവു ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റു സ്ഥാപനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള കോട്ടായിൽ കുറവു വരുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : പ്രൈവറ്റു മാനേജുമെന്റിനു് ശതമാനകണക്കിനാണു് കോട്ടാ അനുവദിച്ചുകൊടുത്തതു്. ആ നിലക്കു് സ്വാഭാവികമായി കുറവുവരുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

മാസ്സി–ഫെർഗ്രൂസൺ ട്രാക്ടറുകൾ

* 179. [633] ശ്രീ. എൻ. കെ. ശേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കാക്കു് മാസ്സി–ഫെർഗ്രൂസൺ ട്രാക്ടറുകൾ കിട്ടുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിലയുടെ നാലിലൊന്നടച്ചിട്ടും മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്ന കൃഷിക്കാരുടെ താൽപ്പര്യത്തെ മുൻനിറുത്തി ട്രാക്ടറുകൾ വേഗം സപ്ലൈ ചെയ്യാനാവശ്യമായ നിർദ്ദേശങ്ങൾ സപ്ലൈചെയ്യുന്ന കമ്പനിക്കു് അടിയന്തിരമായി നൽകുമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്. കേരളത്തിൽ ഇവ വിതരണം ചെയ്യുന്നതു് മെസേഴ്സ് സ്റ്റെയിൻസ് മോട്ടോഴ്സ്, സൗത്തു് ഇൻഡ്യ (ലിമിറ്റഡ്), കോയമ്പത്തൂർ ആണു്. ഇവ ആവശ്യത്തിനു് വേണ്ടത്ര ലഭിക്കാത്തതുകൊണ്ടാണു് ഇവിടെയുള്ള കൃഷിക്കാർക്കു് കിട്ടാൻ കാലതാമസം നേരിടുന്നതു്. ഇവ നിർമ്മിക്കുന്ന കമ്പനിയുടെ ഉൽപാദന കഴിവു് കുറവായതുകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതെന്നാണു് മനസിലാക്കുന്നതു്.

(ബി) കൂടുതൽ ട്രാക്ടറുകൾ കേരളത്തിലേക്കു് അലോട്ടുചെയ്യുവാൻ നിർമ്മാതാക്കളോടു് അഗ്രോ–ഇൻഡസ്ട്രീസ് കോർപ്പറേഷൻ ആവശ്യപ്പെടുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : ട്രാക്ടറിനു് പണമടച്ചിട്ടു് എട്ടൊൻപതു് മാസമായിട്ടും ട്രാക്ടർ കിട്ടാത്ത കൃഷിക്കാർ നമ്മുടെ സ്റ്റോറിൽ ഉള്ളതുകൊണ്ടു് ഗവണ്മെൻറിൽനിന്നും നേരിട്ടു സപ്ലൈ ചെയ്യുന്നതിനുള്ള നിർബന്ധമോ, നിബന്ധനയോ മറ്റേതെങ്കിലും നടപടികളോ എടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഈ വസ്തുത വീണ്ടും സ്റ്റെയിൻസ് കമ്പനിക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രമിക്കുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : ഈ കമ്പനിക്കാരുടെ കൈയിൽനിന്നും സമയത്തിനു് കൃഷിക്കാർക്കു് ട്രാക്ടർ കിട്ടുന്നതിനു് വളരെയധികം പ്രയാസമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly